ഖരമാലിന്യങ്ങൾ സംസ്കരിക്കൽ

12 (*132) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിൽ ഖരമാലാന്യങ്ങൾ സംസ്കരിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് ;

(ബി) പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നിർവ്വഹണത്തിന് ആരെല്ലാമാണ് സഹകരിക്കുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിൽ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ ഖരമാലിന്യ പരിപാലന സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കൽ

2. വീടുകളിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി നിർവ്വഹണത്തിനായി ബയോഗ്യാസ് പ്ലാന്റുകൾ , വെർമി കമ്പോസ്റ്റ് , റിംഗ് കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ് സംവിധാനങ്ങൾ സ്ഥാപിക്കൽ

3. ഗ്രാമപഞ്ചായത്തുകളുടെ സമഗ്രമാലിന്യ സംസ്കരണ പ്രോജക്ടിൽ ഉൾപ്പെടാത്ത സർക്കാർ സ്കൂളുകൾ, സർക്കാർ ആശുപത്രികൾ, സർക്കാർ ഹോസ്റ്റലുകൾ, പഞ്ചായത്ത് മാർക്കറ്റുകൾ, മാംസ ഉത്പാദന വിപണന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ

4. അജൈവ മാലിന്യം ശേഖരിക്കുന്നതിനും പരിപാലിക്കുന്നതിനുമായി പഞ്ചായത്ത് തലത്തിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് ഉൾപ്പെടുന്ന റിസോഴ്സ് റിക്കവറി സെന്റർ സ്ഥാപിക്കൽ

5. ഗ്രാമപഞ്ചായത്തുകളിൽ ശാസ്ത്രീയമായ രീതിയിലുള്ള ആധുനിക അറവുശാലകൾ നിർമ്മിക്കൽ.

LIBRARY ARCHIVES Kerala Legislative Assembly

6. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ റിസോഴ്സ് റിക്കവറി സെന്റർ സ്ഥാപിക്കാനായി സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകൽ, കൂടാതെ പ്ലാസ്റ്റിക് മാലിന്യങ്ങളും ഇ-വേസ്റ്റ് ഉൾപ്പെടുത്തിയുള്ള മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി പ്രോത്സാഹനം നൽകി വരുന്നു.

7. വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഒന്നായി ശേഖരിക്കാനും അവ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഒന്നായി ശേഖരിച്ച് ഷ്രെഡ് ചെയ്യാനും ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് റോഡ് നിർമ്മാണം തുടങ്ങിയ പ്രവർത്തികൾക്ക് ഉപയോഗപ്പെടുത്തൽ

(ബി) 1. സ്രോതസ്സിൽത്തന്നെ മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ

2. സ്രോതസ്സിലുള്ള മാലിന്യ തരംതിരിവ്

3. പുനരുപയുക്ത മാലിന്യങ്ങളുടെ ശേഖരണവും വിൽപ്പനയും

4. ജൈവ മാലിന്യങ്ങളുടെ ഗാർഹിക സംസ്കരണം

5. പ്ലാസ്റ്റിക് സഞ്ചികൾക്ക് പകരം തുണി സഞ്ചികളുടെ ഉപയോഗം

6. പരിസരം വൃത്തികേടാക്കുന്നത് തടയുന്നതിനുള്ള സാമൂഹ്യപോലീസ് സംവിധാനം

7. കേരളത്തെ മാലിന്യ മുക്ത സംസ്ഥാനമായി മാറ്റിയെടുക്കൽ

(സി) പദ്ധതി നിർവ്വഹണത്തിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, സന്നദ്ധസംഘടനകൾ, കുടുംബശ്രീ, വ്യക്തികൾ തുടങ്ങിയവർ സഹകരിക്കുന്നു.

(ഡി)

- ഉറവിട മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തയ്യാറാക്കുന്ന പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ശുചിത്വ മിഷൻ വഴി 75 ശതമാനം സബ്സിഡിയും തദ്ദേശസ്വയംഭരണ സ്ഥാപനം വഴി 15 ശതമാനം സബ്സിഡിയും നൽകുന്നു.

- ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾക്ക് ശുചിത്വമിഷൻ വഴി 50 ശതമാനം സബ്സിഡിയും തദ്ദേശസ്വയംഭരണ സ്ഥാപനം വഴി 25 ശതമാനം സബ്സിഡിയും നൽകുന്നു.

- ഖരമാലിന്യ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തുകൾക്ക് 75 ശതമാനം ഉകയോ പരമാവധി 35 ലക്ഷം രൂപയോ സബ്സിഡിയായി നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

- ഫ്ലാറ്റ് സമുച്ചയത്തിന് 15000 രൂപ വരെയും ഒരു ഫ്ലാറ്റിന് 500 രൂപയും നൽകുന്നു.
- കല്യാണ മണ്ഡപങ്ങൾ, ഹോട്ടലുകൾ, റസിഡന്റ്സ് അസോസിയേഷൻ, കോളനികൾ, സർക്കാർ ക്വാർട്ടേഴ്സുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ തദ്ദേശസ്വയംഭരണ സ്ഥാപനം വഴി നൽകുന്ന ഖരമാലിന്യ സംസ്കരണ പദ്ധതികൾക്ക് യൂണിറ്റ് നിരക്കിന്റെ 50 ശതമാനം തുകയോ പരമാവധി 1 ലക്ഷം രൂപയോ സബ്സിഡിയായി നൽകുന്നു.
- പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 75 ശതമാനം സബ്സിഡി നൽകിവരുന്നു.
- നിലവിലുള്ള മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതിന് ആവശ്യമായ പരിശീലനവും നൽകിവരുന്നു.

പഞ്ചായത്തുകളിൽ വൈ-ഫൈ നെറ്റ്വർക്ക് സൗകര്യവും ഇൻഫർമേഷൻ കിയോസ്കുകളും

13 (*133) ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ പഞ്ചായത്തുകളിലും വൈ-ഫൈ നെറ്റ്വർക്ക് സൗകര്യവും ഇൻഫർമേഷൻ കിയോസ്കുകളും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതുവഴി എന്തെല്ലാം സേവനങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) 2015-16 സാമ്പത്തിക വർഷം ഈ ലക്ഷ്യം മുൻനിർത്തി പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) എല്ലാ പഞ്ചായത്തുകളിലും വൈ-ഫൈ നെറ്റ്വർക്ക് സൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് നിലവിൽ പദ്ധതികൾ ഒന്നുംതന്നെയില്ല. എന്നാൽ ഇൻഫർമേഷൻ കിയോസ്കുകൾ കെൽട്രോണിൽനിന്നും വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകുന്നതിന് കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly